ഉത്തരം

(എ) ഈ കെട്ടിടത്തിന്റെ ടെറസ്സിലും ചുവരുകളിലും വിള്ളലുള്ളതായും ജനാലകൾക്ക് കേടുപാട് സംഭവിച്ചിട്ടുള്ളതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) അറ്റകുറ്റപ്പണികൾ ഉടനെ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള ഹൈക്കോടതി ബഞ്ച്

31 [3202] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ ബഞ്ച് ഏതെങ്കിലും ജില്ലയിൽ സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഒരു ബഞ്ച് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഇതിന്മേൽ ഹൈക്കോടതിയുടെ നിലപാട് എന്താണെന്ന് സംസ്ഥാന സർക്കാർ ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ലഭിച്ച മറുപടി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം, ഹൈക്കോടതിയിൽ സംസ്ഥാന സർക്കാരിന് വേണ്ടിയുള്ള കേസുകളിൽ രേഖകൾ നൽകുന്നതിനും മറ്റു ഔദ്യോഗിക നടപടികൾക്കുമായി സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥൻമാർ കൊച്ചിയിൽ എത്തുന്നതിലേക്കായി യാത്രപ്പടി ഇനത്തിൽ എന്തു തുക ചിലവഴിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള ഹൈക്കോടതിയുടെ ഒരു ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട മുൻ ഹൈക്കോടതി ചീഫ് ജസ്റ്റീസ് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുകയും തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് പൊതുതാൽപ്പര്യത്തിനോ നീതി നിർവ്വഹണത്തിനോ സഹായകരമല്ലെന്നും ആയതിനാൽ നിർദ്ദേശം ഉപേക്ഷിക്കണമെന്നും 2004 ജനുവരി 17-ലെ കത്തുപ്രകാരം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് വേണമെന്നത് സംസ്ഥാനത്തിന്റെ താൽപ്പര്യമാണെന്നും ആയതിനാൽ ഇക്കാര്യം പുനഃപരിശോധിക്കണമെന്നും ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസിനോട് 13-2-2004-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസിൽ നിന്നും ഇതുവരെയും മറുപടിയൊന്നും ലഭിച്ചിട്ടില്ല. തുടർന്ന് പുതിയ കേന്ദ്ര നിയമ മന്ത്രിയോട് ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 25-6-2004-ൽ സർക്കാർ കത്തയച്ചിട്ടുണ്ട്.

(ഡി) ഈ ഇനത്തിൽ നിയമവകുപ്പ് 17,419 രൂപ ചിലവാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിലെ വിവരം ഇപ്പോൾ നിയമവകുപ്പിൽ ലഭ്യമല്ല.

ലാ ഓഫീസർമാരുടെ നിയമനം

32 [3203] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ കക്ഷിയായുള്ള എല്ലാ കേസുകളിലും കോടതിയിൽ ഫയൽ ചെയ്യേണ്ട അഫിഡവിറ്റുകളും മറ്റു രേഖകളും നിയമവകുപ്പ് പരിശോധിച്ചാണോ നൽകാറുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) കേസുകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എല്ലാം നിയമപരിജ്ഞാനം ഉള്ളവരാണോ;

(സി) നിയമാനുസരണം കോടതിയിൽ എഴുതി അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും നിയമപരമായ അറിവ് ആവശ്യമാണോ;

(ഡി) എങ്കിൽ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും കേസുകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ലാ ആഫീസറെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്രികയും കൗണ്ടർ അഫിഡവിറ്റും മറ്റ് അഫിഡവിറ്റുകളും ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡറാണ് തയ്യാറാക്കുന്നത്. അതിനുവേണ്ടിയുള്ള സ്റ്റേറ്റുമെന്റ് ഓഫ് ഫാക്റ്റ്സ് മാത്രമാണ് നിയമവകുപ്പ് പരിശോധിക്കുന്നത്.

(ബി) അല്ല.

(സി) ആവശ്യമാണ്.

(ഡി) കോടതിയിൽ എഴുതി അറിയിക്കേണ്ട കാര്യങ്ങൾ അറിയിക്കുന്നതിനും രേഖകൾ ഹാജരാക്കുന്നതിനും ഗവൺമെന്റ് പ്ലീഡർ മുഖേനയോ അഡ്വക്കേറ്റ് ജനറൽ മുഖേനയോ ആണ് നിറവേറ്റേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly